പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 327 — 29-06-2016 ൽ മറുപടിക്ക്

## കേരള ആട്ടോമോബൈൽസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ആൻസലൻ** | **ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)** |
| (എ) നെയ്യാറ്റിൻകര ആറാലുംമൂട്ടിൽ പ്രവർത്തിക്കുന്ന കേരള ആട്ടോമൊബൈൽസ് എന്ന പൊതുമേഖല സ്ഥാപനത്തിന്റെ ഇന്നത്തെ അവസ്ഥ എന്താണ്; ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യവും കൃത്യമായി നൽകുന്നുണ്ടോ ; പെൻഷൻ ആനുകൂല്യങ്ങളും പെൻഷനും നൽകുന്നുണ്ടോ; | (എ) നെയ്യാറ്റിൻകര ആറാലുംമൂട്ടിലുള്ള കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന പൊതുമേഖലാസ്ഥാപനം കഴിഞ്ഞ കുറേവർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2015-16 കാലയളവിൽ ആഡിറ്റിനുമുൻപുള്ള കണക്കുകൾ പ്രകാരം സ്ഥാപനം 1,482.31ലക്ഷം രൂപയുടെ വിറ്റുവരവും -471.11ലക്ഷം രൂപയുടെ നഷ്ടവും രേഖപ്പെടുത്തിയിട്ടുണ്ട്.<br>31/05/2016 വരെയുള്ള കണക്കുകൾ പ്രകാരം പി.എഫ് ഇനത്തിൽ 374.15 ലക്ഷം രൂപയുടെ ബാധ്യതയും, പിരിഞ്ഞുപോയവരുടെ ഗ്രാറ്റ്യുവിറ്റി ഇനത്തിൽ 119.11ലക്ഷം രൂപയുടെ ബാധ്യതയും ഉണ്ട്. തുടർച്ചയായ നഷ്ടം മൂലം പ്രവർത്തനമൂലധനം പൂർണ്ണമായും ക്ഷയിച്ചുപോയ സാഹചര്യത്തിൽ മാസശമ്പളം കൃത്യമായി നൽകാൻ പറ്റാത്ത സാഹചര്യം നിലവിൽ ഉണ്ട്. |
| (ബി) ഇപ്പോൾ കമ്പനിയുടെ സാമ്പത്തിക ബാദ്ധ്യത എത്രയാണ് ; കഴിഞ്ഞ യുഡിഎഫ് ഗവൺമെന്റ് കമ്പനിക്ക് നല്കിയ തുക എത്ര; ഈ തുക ശരിയായ തരത്തിൽ ആണോ ധനവിനിയോഗം നടത്തിയത് ; കമ്പനിയുടെ കെടുകാര്യസ്ഥതയ്ക്ക് കാരണക്കാരായവരുടെ പേരിൽ വകുപ്പുതല അന്വേഷണമോ, | (ബി) 31/03/2016-ലെ ആഡിറ്റിനുമുൻപുള്ള കണക്കുകൾ പ്രകാരം ദീർഘകാല വായ്പയിനത്തിൽ മുതലും പലിശയുമടക്കം 3,693.82 ലക്ഷം രൂപയുടെ ബാധ്യതയും ഹ്രസ്വകാല വായ്പയുടെ കണക്കുകൾ പ്രകാരം 675ലക്ഷം രൂപയുടെ ബാധ്യതയും നിലവിലുണ്ട്. കഴിഞ്ഞ 5 വർഷക്കാലയളവിൽ സർക്കാരിൽ നിന്നും കമ്പനിയ്ക്ക് 2,043.91ലക്ഷം രൂപയുടെ വായ്പാസഹായം നൽകിയിട്ടുണ്ട്. ആഡിറ്റുകൾ പൂർത്തിയാകുന്ന മുറയ്ക്ക് വായ്പാ സഹായത്തിൻെറ ഉപയോഗത്തിനെക്കുറിച്ചു വ്യക്തമായ വിവരം |

| | |
|---|---|
| വിജിലൻസ് അന്വേഷണമോ നടത്താൻ തീരുമാനിക്കുമോ? | ലഭിക്കുകയുള്ളു. കമ്പനിയുടെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് 2012-13 കാലയളവ് വരെ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. കമ്പനിയുടെ ലാഭകരമല്ലാത്ത പ്രവർത്തനത്തിന് കാരണം മാനേജ്മെൻറിൻെറ ഭാഗത്തു നിന്നുള്ള വീഴ്ചയാണോയെന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വകുപ്പു തലത്തിലുള്ള അന്വേഷണം, അക്കൗണ്ടൻറ് ജനറലിൻെറ ആഡിറ്റ്, വിജിലൻസ് അന്വേഷണങ്ങൾ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ